പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2581 07.10.2016-ലെ മറുപടിക്ക്

## നിലമ്പൂർ കെ. എസ്. ആർ. ടി. സി. ഡിപ്പോ വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.വി. അൻവർ | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | മലപ്പുറം ജില്ലയിലെ മാതൃകാ ഡിപ്പോ ആയി പ്രഖ്യാപിച്ച നിലമ്പൂർ കെ. എസ്. ആർ. ടി. സി. ഡിപ്പോയിൽ ആവശ്യത്തിന് ജീവനക്കാരോ വേണ്ടത്ര വാഹനങ്ങളോ മറ്റു അടിസ്ഥാന സൗകര്യങ്ങളോ നിലവിലില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്.<br>നിലമ്പൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ 5 നോൺ എ.സി ജൻറം ഉൾപ്പെടെ 62 ഷെഡ്യൂളുകളാണ് ഉള്ളത്. പ്രസ്തുത ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് സ്പെയർ ഉൾപ്പെടെ 68 ബസുകളാണ് ആവശ്യമായിട്ടുള്ളത്. നിലവിൽ 5 ജൻറം ബസുകൾ ഉൾപ്പെടെ 56 ബസുകൾ ആണ് ഉള്ളത്. |
| (ബി) | നിരവധി യാത്രക്കാർ ആശ്രയിക്കുന്ന പ്രധാന സർവ്വീസുകൾ ഇതു കാരണം സ്ഥിരമായി റദ്ദ് ചെയ്യുന്നത് ഒഴിവാക്കാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) | പ്രധാന സർവ്വീസുകൾ ഒന്നും തന്നെ റദ്ദ് ചെയ്യാതെ സ്ഥിരമായി അയക്കുന്നതിനു വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്. പുതിയ ബസ്സുകൾ നിരത്തിലിറക്കുന്ന മുറയ്ക്ക് കുറവുള്ള ബസ്സുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. പി.എസ്.സി.യിൽ നിന്നും നിയമനോപദേശം ലഭിക്കുന്ന മുറയ്ക്ക് കെ.എസ്.ആർ.ടി.സി.യിലെ മാനദണ്ഡങ്ങൾ അനുസരിച്ച് ഡിപ്പോയിൽ ജീവനക്കാരെ നിയമിക്കുന്നതാണ്. |
| (സി) | ബാംഗ്ലൂർ പോലുള്ള സ്ഥലങ്ങളിലേക്കുള്ള ദീർഘദൂര യാത്രകൾക്ക് സർവ്വീസ് നടത്താൻ രണ്ട് സൂപ്പർ ഡീലക്സ് വാഹനങ്ങൾ നിലമ്പൂർ ഡിപ്പോയിൽ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | നിലമ്പൂർ ഡിപ്പോയിൽ നിന്നും ബാംഗ്ലൂരിലേക്ക് ഒരു സൂപ്പർ ഡീലക്സ് സർവ്വീസ് നടത്തി വരുന്നുണ്ട്. നിലവിലുള്ള അന്തർ സംസ്ഥാന കരാറിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ നിലമ്പൂരിൽ നിന്നും പുതുതായി സർവ്വീസുകൾ ആരംഭിക്കുവാൻ കഴിയുകയില്ല. |

സെക്ഷൻ ഓഫീസർ